**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1100** **10-08-2023 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തീരസംരക്ഷണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ രൂപരേഖക്ക് വേണ്ടി ഹൈഡ്രോളിക്ക് മോഡൽ പഠനം നടത്തുവാൻ നൽകിയ അനുമതിയുടെ ഭാഗമായി പുരോഗമിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീര സംരക്ഷണ പ്രവൃത്തിയുടെ രൂപരേഖയ്ക്ക് വേണ്ടി ഹൈഡ്രോളിക്ക് മോഡൽ പഠനം നടത്തുന്നിനായി CWPRS പൂനെയ്ക്ക് അഡ്വാൻസ് തുക കൈമാറാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയതിന് വേണ്ടി കറണ്ട് അക്കൗണ്ട് തുടങ്ങാനുള്ള അനുമതിക്കായുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പഞ്ചായത്തിൽ ആനങ്ങാടി ബീച്ചിൽ കടൽ ഭിത്തി നിർമ്മാണത്തിന് നൽകിയ ഭരണാനുമതിയുടെ തുടർച്ചയായി സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | ആനങ്ങാടി ബീച്ചിൽ കടൽ ഭിത്തി നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതനുസരിച്ച് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ മൂന്നിയൂർ പഞ്ചായത്തിൽ കടലുണ്ടിപ്പുഴയുടെ വലതുകര ഭാഗത്ത് നിർമ്മിച്ച കടവുകൾ പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | മൂന്നിയൂർ പഞ്ചായത്തിലെ കടലുണ്ടി പുഴയിലെ വലതു കര ഭാഗത്ത് നിർമ്മിച്ച കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ 2023-24 സാമ്പത്തിക വർഷത്തെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ